# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ജൂലൈ 31

# വാർത്താക്കുറിപ്പ്

## എം.ജി.യിൽ ബിരുദപ്രവേശനം; ക്യാപ് രജിസ്ട്രേഷൻ ഓഗസ്റ്റ് 10 വരെ, ആദ്യ അലോട്ട്മെന്റ് ഓഗസ്റ്റ് 22ന്

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള കോളജുകളിൽ ബിരുദ പ്രവേശനത്തിന് ഏകജാലകം(ക്യാപ്) വഴി ഓഗസ്റ്റ് 10 ന് രാത്രി 11.55 വരെ ഓൺലൈനായി രജിസ്റ്റർ ചെയ്യാം. ഓഗസ്റ്റ് 10ന് വൈകിട്ട് നാലു വരെയേ അപേക്ഷ ഫീസ് ഓൺലൈനായി അടയ്ക്കാൻ സാധിക്കൂ. ഓഗസ്റ്റ് ഒൻപതു മുതൽ ഓഗസ്റ്റ് 10ന് വൈകിട്ട് നാലുവരെ അപേക്ഷയിലെ വിവരങ്ങൾ പുതുക്കാനും ഓപ്ഷനുകളിൽ പുനക്രമീകരണം നടത്താനും കൂട്ടിച്ചേർക്കൽ, ഒഴിവാക്കൽ വരുത്താനും അവസരമുണ്ട്. ഓഗസ്റ്റ് 17ന് പ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കും. ട്രയൽ അലോട്ട്മെന്റ് നടക്കും. ഓഗസ്റ്റ് 17, 18 തീയതികളിൽ അപേക്ഷയിലെ വിവരങ്ങൾ പുതുക്കാനും ഓപ്ഷനുകളിൽ പുനക്രമീകരണം നടത്താനും കൂട്ടിച്ചേർക്കൽ, ഒഴിവാക്കൽ വരുത്താനും അവസരമുണ്ട്. ഓഗസ്റ്റ് 22ന് ആദ്യ അലോട്ട്മെന്റ് നടക്കും. ഓഗസ്റ്റ് 22 മുതൽ 26ന് വൈകിട്ട് നാലുവരെ സർവകലാശാലയ്ക്കുള്ള ഫീസ് ഓൺലൈനായി അടയ്ക്കാം. ഓഗസ്റ്റ് 22 മുതൽ 26 വരെ പ്രവേശനത്തിനായി കോളജിൽ റിപ്പോർട്ട് ചെയ്യണം. നേരിട്ട് ഹാജരാകാതെ കോളജുമായി ബന്ധപ്പെട്ട് ഓൺലൈൻ മുഖേനയാണ് റിപ്പോർട്ട് ചെയ്യേണ്ടത്.

ഓഗസ്റ്റ് 27, 28 തീയതികളിൽ ഓപ്ഷനുകൾ പുനക്രമീകരിക്കാനും ഒഴിവാക്കാനും അവസരം ലഭിക്കും. സെപ്റ്റംബർ അഞ്ചിന് രണ്ടാം അലോട്ട്മെന്റ് നടക്കും. സെപ്റ്റംബർ അഞ്ചു മുതൽ ഒമ്പതുവരെ രണ്ടാം അലോട്ട്മെന്റുമായി ബന്ധപ്പെട്ട പ്രവേശനത്തിനായി കോളജുകളിൽ റിപ്പോർട്ട് ചെയ്യണം. സെപ്റ്റംബർ അഞ്ചു മുതൽ ഒമ്പതിന് വൈകിട്ട് നാലുവരെ സർവകലാശാലയ്ക്കുള്ള ഫീസ് ഓൺലൈനായി അടയ്ക്കാം. സെപ്റ്റംബർ 10, 11 തീയതികളിൽ ഓപ്ഷനുകൾ പുനക്രമീകരിക്കാനും ഒഴിവാക്കാനും അവസരം ലഭിക്കും. സെപ്റ്റംബർ 16ന് മൂന്നാം അലോട്ട്മെന്റ് നടക്കും. സെപ്റ്റംബർ 16 മുതൽ 19ന് വൈകിട്ട് നാലുവരെ മൂന്നാംഅലോട്ട്മെന്റിന്റെ സർവകലാശാലയ്ക്കുള്ള ഫീസ് ഓൺലൈനായി അടയ്ക്കാം. ഇതേ തീയതികളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യണം. സെപ്റ്റംബർ 22ന് ക്ലാസ് ആരംഭിക്കും.

സ്പോർട്സ്, കൾച്ചറൽ, ഭിന്നശേഷി, സ്പോർട്സ് ക്വാട്ടയിലേക്കുള്ള ഓൺലൈൻ അപേക്ഷ ഓഗസ്റ്റ് പത്തിനകം നൽകണം. ഓഗസ്റ്റ് 12ന് പ്രൊവി ഷണൽ റാങ്ക് പട്ടിക ക്യാപ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ഓഗസ്റ്റ് 13, 14 തീയതികളിൽ അതത് കോളജുകളിൽ അപേക്ഷകന്റെ രേഖകളുടെ പരിശോധന നടക്കും. ഓഗസ്റ്റ് 17ന് അന്തിമ റാങ്ക് പട്ടിക ക്യാപ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ഓഗസ്റ്റ് 17, 18 തീയതികളിൽ പ്രവേശനം നടക്കും. ഓഗസ്റ്റ് 18ന് രാത്രി 11.55നകം പ്രവേശനം നേടിയ വിദ്യാർഥികളുടെ വിവരങ്ങൾ ഓൺലൈൻ പോർട്ടലിൽ നൽകണം.

കമ്മ്യൂണിറ്റി മെരിറ്റ് സീറ്റിലേക്ക് ഓഗസ്റ്റ് 19ന് വൈകിട്ട് നാലുവരെ അപേക്ഷ നൽകാം. സെപ്റ്റംബർ നാല്, അഞ്ച് തീയതികളിൽ റാങ്ക് പട്ടിക ഓൺലൈൻ പ്രവേശന പോർട്ടലിൽ അപ്ലോഡ് ചെയ്യണം. പ്രൊവിഷണൽ റാങ്ക് പട്ടിക സെപ്റ്റംബർ ഏഴിന് ക്യാപ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. സെപ്റ്റംബർ ഏഴു മുതൽ പ്രവേശനം ആരംഭിക്കും. കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പ്രവേശനനടപടികൾ പൂർണമായി ഓൺലൈനാണ്.

(പി.ആർ.ഒ/39/782/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ